നം.വൈ1/16807/2023/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി: 04.10.2023
email:-supdty.dge@kerala.gov.in

# പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസം- 2023-24 വർഷത്തെ കേരള സ്കൂൾ ശാസ്ത്രോത്സവത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:-
1. പൊതുവിദ്യാഭ്യാസ (എൻ) വകുപ്പിന്റെ 06/10/2018 തീയതിയിലെ സ.ഉ.(കൈ)നം.143/2018/പൊ.വി.വി. നം. ഉത്തരവ്.
2. പൊതുവിദ്യാഭ്യാസ (എൻ) വകുപ്പിന്റെ 08/08/2019 തീയതിയിലെ സ.ഉ.(കൈ)നം.119/2019/പൊ.വി.വ.. നം. ഉത്തരവ്.
3. പൊതുവിദ്യാഭ്യാസ (എൻ) വകുപ്പിന്റെ 18/09/2023 തീയതിയിലെ എൻ.1/115/2023/പൊ.വി.വ. നം. കത്ത്.
4. ഈ കാര്യാലയത്തിലെ 28/04/2023 തീയതിയിലെ പി.എൽ.1/619104/2022/ഡി.ജി.ഇ.(3) നം. ഉത്തരവ്.
5. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 03/10/2023 തീയതിയിലെ കൈറ്റ്/2023/1275(6) നം. കത്ത്.

****************************

പ്രൈമറി തലം മുതൽ ഹയർസെക്കണ്ടറി തലം വരെയുള്ള വിദ്യാർത്ഥികളുടെ വ്യത്യസ്ത കഴിവുകൾ പ്രകാശിപ്പിക്കുന്നതിനും അത് പരിപോഷിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവർത്തിപരിചയ, ഐ.ടി മേളകൾ നടത്തുന്നത്. 2023-24 വർഷത്തെ സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം (ശാസ്ത്രം, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവൃത്തി പരിചയ, ഐ.റ്റി. മേള & വൊക്കേഷണൽ എക്സ്പോ & കരിയർ ഫെസ്റ്റ്) തിരുവനന്തപുരം ജില്ലയിൽ വച്ച് 2023 നവംബർ 30 മുതൽ ഡിസംബർ 3 വരെ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. ചുവടെ പറയുന്ന തീയതികളിൽ സ്കൂൾ, സബ്-ജില്ല, റവന്യൂജില്ലാതലങ്ങളിൽ മേളകൾ പൂർത്തീകരിക്കേണ്ടതാണ്.

| തലം | | പൂർത്തീകരിക്കേണ്ട തീയതി |
|---|---|---|
| സ്കൂൾ | : | 08/10/2023 |
| സബ്ജില്ല | : | 28/10/2023 |
| റവന്യൂജില്ല | : | 15/11/2023 |

ശാസ്ത്രോത്സവം സ്കൂൾ തലത്തിൽ ഒരു ദിവസം കൊണ്ടും, സബ്ജില്ലാതലം രണ്ടു ദിവസം കൊണ്ടും, റവന്യു ജില്ലാതലം രണ്ടു ദിവസം കൊണ്ടും പൂർത്തീകരിക്കേണ്ടതാണ്. മേളകൾ നടത്തുമ്പോൾ ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## കാറ്റഗറികൾ

താഴെ പറയുന്ന നാല് വിഭാഗങ്ങളായിട്ടാണ് മത്സരം നടത്തേണ്ടത്.

| | | |
|---|---|---|
| കാറ്റഗറി I | ക്ലാസ്സ് 1 മുതൽ 4 വരെ | ഉപജില്ലാതലം വരെ |
| കാറ്റഗറി II | ക്ലാസ്സ് 5 മുതൽ 7 വരെ | |
| കാറ്റഗറി III | ക്ലാസ്സ് 8 മുതൽ 10 വരെ | |
| കാറ്റഗറി IV | ക്ലാസ്സ് 11 മുതൽ 12 വരെ | |

കാറ്റഗറി I, II എന്നിവയിലെ മത്സരങ്ങൾ ഉപജില്ലാതലത്തിലും കാറ്റഗറി III, IV എന്നിവ സംസ്ഥാനതലത്തിലും അവസാനിക്കുന്നതാണ്. സ്കൂൾതലത്തിൽ എ ഗ്രേഡ് നേടി 1-ാം സ്ഥാനം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് ഉപജില്ലാ മത്സരങ്ങളിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. III, IV കാറ്റഗറിയിലെ ഉപജില്ലാ, റവന്യൂ ജില്ലാതലങ്ങളിൽ എ ഗ്രേഡ് നേടി 1, 2 സ്ഥാനം കരസ്ഥമാക്കുന്ന മത്സരാർത്ഥികൾക്ക് ഉപരി മത്സരങ്ങളിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുന്നതാണ്.

## ഗ്രേഡിംഗ് സൂചകങ്ങൾ

| മാർക്ക് ശതമാനം | ഗ്രേഡ് | ലഭിക്കുന്ന പോയിന്റ് |
|---|---|---|
| 80 % മോ അതിൽ അധികമോ | എ | 5 |
| 70 % മുതൽ 79% വരെ | ബി | 3 |
| 60% മുതൽ 69% വരെ | സി | 1 |

## ശാസ്ത്രോത്സവത്തിന്റെ വിഷയങ്ങൾ

ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നത് നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് & ട്രെയിനിംഗ് (NCERT) നൽകുന്ന വിഷയങ്ങളും, ഉപവിഷയങ്ങളും അനുസരിച്ചാണ്. ഈ വർഷത്തെ ശാസ്ത്രോത്സവത്തിന്റെ പ്രധാന തീമും, ഉപ-തീമുകളും ചുവടെ ചേർക്കുന്നു.

a) Main Theme-
Science & Technology for Society
സമൂഹത്തിനായുള്ള ശാസ്ത്രവും സാങ്കേതിക വിദ്യയും

b) Sub-Themes-
1. Health (ആരോഗ്യം)
2. LiFE (Lifestyle For Environment) (പരിസ്ഥിതിക്ക് വേണ്ടിയുള്ള ജീവിതശൈലി)
3. Agriculture (കാർഷികം)

4. Communication & Transport (ആശയ വിനിമയവും ഗതാഗതവും)
5. Computational Thinking

മേൽ പരാമർശിച്ച വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി വേണം മത്സരാർത്ഥികൾ പ്രദർശന വസ്തുക്കൾ ഒരുക്കേണ്ടത്.

**ശാസ്ത്രമേള മത്സരവിഭാഗങ്ങളും ഇനങ്ങളും**

| | |
|---|---|
| **എൽ.പി.വിഭാഗം- 3 ഇനങ്ങൾ**<br>1. കളക്ഷൻ/മോഡൽസ്<br>2. ചാർട്ട് (മാക്സിമം 3)-തത്സമയം<br>3. സിമ്പിൾ എക്സ്പിരിമെന്റ് | **ഹൈസ്കൂൾ വിഭാഗം- 11 ഇനങ്ങൾ**<br>1. വർക്കിംഗ് മോഡൽ<br>2. സ്റ്റിൽ മോഡൽ<br>3. റിസർച്ച് ടൈപ്പ് പ്രോജക്ട്<br>4. ഇംപ്രവൈസ്ഡ് എക്സ്പിരിമെന്റ്സ്<br>5. സയൻസ് ക്വിസ്<br>6. ടീച്ചിംഗ് എയ്ഡ്<br>7. ടീച്ചേഴ്സ് പ്രോജക്ട്<br>8. ടാലന്റ് സെർച്ച് എക്സാം<br>9. സയൻസ് മാഗസീൻ<br>10. സയൻസ് ഡ്രാമ<br>11. സി.വി. രാമൻ ഉപന്യാസ മത്സരം |
| **യു.പി.വിഭാഗം- 7 ഇനങ്ങൾ**<br>1. വർക്കിംഗ് മോഡൽ<br>2. സ്റ്റിൽ മോഡൽ<br>3. റിസർച്ച് ടൈപ്പ് പ്രോജക്ട്<br>4. ഇംപ്രവൈസ്ഡ് എക്സ്പിരിമെന്റ്സ്<br>5. സയൻസ് ക്വിസ്<br>6. ടീച്ചിംഗ് എയ്ഡ്<br>7. ടീച്ചേഴ്സ് പ്രോജക്ട് | **ഹയർ സെക്കന്ററി/വി.എച്ച്.എസ്.ഇ. വിഭാഗം- 9 ഇനങ്ങൾ**<br>1. വർക്കിംഗ് മോഡൽ<br>2. സ്റ്റിൽ മോഡൽ<br>3. റിസർച്ച് ടൈപ്പ് പ്രോജക്ട്<br>4. ഇംപ്രവൈസ്ഡ് എക്സ്പിരിമെന്റ്സ്<br>5. സയൻസ് ക്വിസ്<br>6. ടീച്ചിംഗ് എയ്ഡ്<br>7. ടീച്ചേഴ്സ് പ്രോജക്ട്<br>8. ടാലന്റ് സെർച്ച് എക്സാം<br>9. സി.വി. രാമൻ ഉപന്യാസ മത്സരം |

1. സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ, റിസർച്ച് ടൈപ്പ് പ്രോജക്ട്, ഇംപ്രവൈസ്ഡ് എക്സിപിരിമെന്റ്സ് എന്നീ മത്സരയിനത്തിൽ 2 കുട്ടികളാണ് പങ്കെടുക്കേണ്ടത്.
2. മേൽ പരാമർശിച്ച ഓരോ ഇനങ്ങൾക്കും 5 ചാർട്ട് വീതം പരമാവധി പ്രദർശിപ്പിക്കാവുന്നതാണ്.
3. പ്രദർശന വസ്തുക്കളുടെ പരമാവധി വലിപ്പം 122 cm x 122 cm x 100 cm

4. റിസർച്ച് ടൈപ്പ് പ്രോജക്ട് അവതരണ മാതൃകയിൽ നടത്തണം. അവതരണത്തിന് 6 മിനിറ്റും, ഇന്ററേഷന് 3 മിനിറ്റും എടുക്കാവുന്നതാണ്. പ്രോജക്ട് റിപ്പോർട്ട് പ്രത്യേകമായി മൂല്യ നിർണ്ണയം നടത്തേണ്ടതാണ്.
5. ഇംപ്രവൈസ്ഡ് എക്സ്പിരിമെന്റ്സ് ഒരു തത്വത്തെ അടിസ്ഥാനമാക്കി 5 പരീക്ഷണം വരെ ആകാം.
6. ഉപജില്ലയിൽ നിന്നും ഓരോ ഇനത്തിലും 1, 2 സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന എച്ച്.എസ്./എച്ച്.എസ്.എസ്./വി.എച്ച്.എസ്.സി. യിലെ 16 കുട്ടികളെയാണ് റവന്യൂ ജില്ലാ മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്. റവന്യൂ ജില്ലാ മത്സരത്തിൽ നിന്നും ഓരോ ഇനത്തിലും 1, 2 സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന എച്ച്.എസ്./എച്ച്.എസ്.എസ്./വി.എച്ച്.എസ്.സി. യിലെ 16 കുട്ടികളെയാണ് സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്.

## ഗണിതമേള മത്സരവിഭാഗങ്ങളും ഇനങ്ങളും

| എൽ.പി.വിഭാഗം- 6 ഇനങ്ങൾ | ഹൈസ്കൂൾ വിഭാഗം- 17 ഇനങ്ങൾ |
|---|---|
| 1. ജ്യോമെട്രിക്കൽ ചാർട്ട് | 1. നമ്പർ ചാർട്ട് |
| 2. സ്റ്റിൽ മോഡൽ | 2. ജ്യോമെട്രിക്കൽ ചാർട്ട് |
| 3. പസ്സിൽ | 3. അദർ ചാർട്ട് |
| 4. നമ്പർ ചാർട്ട് | 4. സ്റ്റിൽ മോഡൽ |
| 5. ഗണിത ക്വിസ് | 5. വർക്കിംഗ് മോഡൽ |
| 6. ഗണിത മാഗസിൻ | 6. പ്യുയർ കൺസ്ട്രക്ഷൻ |
| | 7. അപ്ലൈഡ് കൺസ്ട്രക്ഷൻ |
| | 8. പസ്സിൽ |
| | 9. ഗെയിംസ് |
| | 10. സിംഗിൾ പ്രോജക്ട് |
| | 11. ഗ്രൂപ്പ് പ്രോജക്ട് |
| | 12. ടീച്ചിംഗ് എയ്ഡ് |
| | 13. ഗണിത മാഗസിൻ |
| | 14. ഗണിത ക്വിസ് |
| | 15. ഭാസ്കരാചാര്യ സെമിനാർ |
| | 16. രാമാനുജൻ പേപ്പർ പ്രസന്റേഷൻ |
| | 17. ടാലന്റ് സെർച്ച് എക്സാമിനേഷൻ |

| യു.പി.വിഭാഗം- 10 ഇനങ്ങൾ | ഹയർ സെക്കന്ററി/വി.എച്ച്.എസ്.ഇ. വിഭാഗം- 17 ഇനങ്ങൾ |
|---|---|
| 1. നമ്പർ ചാർട്ട് | 1. നമ്പർ ചാർട്ട് |
| 2. ജ്യോമെട്രിക്കൽ ചാർട്ട് | 2. ജ്യോമെട്രിക്കൽ ചാർട്ട് |
| 3. സ്റ്റിൽ മോഡൽ | 3. അദർ ചാർട്ട് |
| 4. പസ്സിൽ | 4. സ്റ്റിൽ മോഡൽ |
| 5. ഗെയിം | 5. വർക്കിംഗ് മോഡൽ |
| 6. ടീച്ചിംഗ് എയ്ഡ് | 6. പ്യുയർ കൺസ്ട്രക്ഷൻ |
| 7. ഗണിത മാഗസിൻ | 7. അപ്ലൈഡ് കൺസ്ട്രക്ഷൻ |
| 8. ഗണിത ക്വിസ് | 8. പസ്സിൽ |
| 9. ഭാസ്കരാചാര്യ സെമിനാർ | 9. ഗെയിംസ് |
| 10. ടാലന്റ് സെർച്ച് | 10. സിംഗിൾ പ്രോജക്ട് |
| | 11. ഗ്രൂപ്പ് പ്രോജക്ട് |
| | 12. ടീച്ചിംഗ് എയ്ഡ് |
| | 13. ഗണിത മാഗസിൻ |
| | 14. ഗണിത ക്വിസ് |
| | 15. ഭാസ്കരാചാര്യ സെമിനാർ |
| | 16. രാമാനുജൻ പേപ്പർ പ്രസന്റേഷൻ |
| | 17. ടാലന്റ് സെർച്ച് എക്സാമിനേഷൻ |

1. ജ്യോമെക്ട്രിക്കൽ ചാർട്ട്, അദർ ചാർട്ട്, സ്റ്റിൽ മോഡൽ, പസ്സിൽ, നമ്പർ ചാർട്ട്, ഗെയിം, ടീച്ചിംഗ് എയ്ഡ്, വർക്കിംഗ് മോഡൽ, പ്യുയർ കൺസ്ട്രക്ഷൻ, അപ്ലൈഡ് കൺസ്ട്രക്ഷൻ എന്നിവ തത്സമയ മത്സരങ്ങളാണ്. ഇവയുടെ സമയ ദൈർഘ്യം 3 മണിക്കൂറാണ്.
2. ചാർട്ടുകൾ തയ്യാറാക്കുമ്പോൾ ഒരു ആശയത്തെ സൂചിപ്പിക്കുന്ന പരമാവധി 3 ചാർട്ടുകളാണ് തയ്യാറാക്കേണ്ടത്. ചാർട്ടിന്റെ സൈസ് 72 cm X 56 cm ആണ്.
3. സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ മത്സരാർത്ഥികൾ തയ്യാറാക്കുമ്പോൾ മോഡലിന്റെ പരമാവധി 2 ച.മീ. ഒതുങ്ങുന്നതാകണം. മോഡലിന്റെ പരമാവധി ഉയരം 2 മീറ്ററാണ്. ഇക്കൊ ഫ്രെണ്ട്ലി പദാർത്ഥങ്ങളാണ് നിർമ്മാണത്തിന് ഉപയോഗിക്കേണ്ടത്.
4. കൺസ്ട്രക്ഷൻ ഇനത്തിൽ മത്സരാർത്ഥികൾക്ക് പരമാവധി 3 ചാർട്ടുകൾ ഉപയോഗിക്കാവുന്നതാണ്. ചാർട്ട് സൈസ് 72 cm X 56 cm ആണ്. പെൻസിൽ ഉപയോഗിച്ചാണ് വരയ്ക്കേണ്ടത്. യാതൊരു കാരണവശാലും നിറം നൽകാൻ പാടില്ല.

5. പസ്സിൽ ഇനത്തിൽ മത്സരാർത്ഥിക്ക് ഒരു പസ്സിൽ മാത്രമേ അവതരിപ്പിക്കുവാൻ അനുവാദമുള്ളൂ. വ്യത്യസ്തമാർന്നതും, കൗതുകമുണർത്തുന്നതും, ഗണിത ശാസ്ത്ര ആശങ്ങൾ ഉൾപ്പെട്ടതുമായ പസ്സിൽ ആയിരിക്കണം അവതരിപ്പിക്കേണ്ടത്.
6. ഗെയിം ഇനത്തിൽ ഒരു ഗെയിം മാത്രമേ അവതരിപ്പിക്കുവാൻ മത്സരാർത്ഥിക്ക് അനുവാദമുള്ളൂ. രണ്ടോ അതിൽ അധികമോ പേർക്ക് ഒരേ സമയം കളിക്കാവുന്നതും, ഗണിത ശാസ്ത്ര ആശയങ്ങൾ ഉൾപ്പെട്ടതുമായ ഗെയിമാണ് അവതരിപ്പിക്കേണ്ടത്. കളിക്കളവും, കരുവും, കളിക്കൊരു നിയമവും, അന്തിമ ഫലവും ഉണ്ടായിരിക്കും.
7. പ്രോജക്ട് ഇനത്തിൽ പ്രോജക്ട് റിപ്പോർട്ട് എ4 പേപ്പറിൽ ഒരു പുറം മാത്രം എഴുതി ബൈന്റ് ചെയ്യണം. പ്രോജക്ട് അവതരണത്തിന് പരമാവധി 10 മിനിട്ട് ആണ് അനുവദിച്ചിട്ടുള്ളത്. അവതരണത്തെ സഹായിക്കാൻ മത്സരാർത്ഥികൾക്ക് പരമാവധി 5 ചാർട്ടുകളും, 5 മോഡലുകളും ഐ.സി.റ്റി സങ്കേതങ്ങളും ഉപയോഗിക്കാവുന്നതാണ്.
8. മാഗസിൻ ഇനത്തിൽ മാഗസിൻ തയ്യാറാക്കേണ്ടത് കൈയ്യെഴുത്ത്പ്രതി ആയിരിക്കണം. എ4 പേപ്പറിന്റെ ഒരു വശം മാത്രമേ എഴുതുവൻ പാടുള്ളൂ. മാഗസിന് ഒരു പേര് ഉണ്ടായിരിക്കേണ്ടതാണ്. സ്കൂളിന്റെ പേരോ, സ്കൂൾ കോഡോ മറ്റും തിരിച്ചറിയുന്ന രീതിയിലുള്ള രേഖപ്പെടുത്തലുകൾ യാതൊരു കാരണവശാലും പാടില്ല. മാഗസിന്റെ പുറംചട്ട ഉൾപ്പെടെ പരമാവധി 50 പേജ് മാത്രമേ പാടുള്ളൂ. പ്രസ്തുത മാഗസിൻ ബൈൻഡ് ചെയ്യാവുന്നതാണ്. യാതൊരു കാരണവശാലും സ്പൈറൽ ബൈൻഡിംഗ് ചെയ്യാൻ പാടില്ല.
9. ടീച്ചിംഗ് എയ്ഡ് ഇനത്തിൽ അതാത് വിഭാഗങ്ങളിൽ ഗണിതം കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്കാണ് മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്. പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങളെ ചാർട്ടുകൾ, മോഡലുകൾ എന്നിവ ഉപയോഗിച്ച് അവതരിപ്പിക്കാവുന്നതാണ്.

## <u>സാമൂഹ്യ ശാസ്ത്ര മത്സരവിഭാഗങ്ങളും ഇനങ്ങളും</u>

| **എൽ.പി. വിഭാഗം 4 ഇനം** | **ഹൈസ്കൂൾ വിഭാഗം 9 ഇനം** |
|---|---|
| 1. കളക്ഷൻ | 1. അറ്റ്ലസ് മേക്കിങ് |
| 2. മോഡലുകൾ | 2. വർക്കിംഗ് മോഡൽ |
| 3. ചാർട്ട് | 3. സ്റ്റിൽ മോഡൽ |
| 4. സാമൂഹ്യ ശാസ്ത്ര ക്വിസ്സ് | 4. എലക്യൂഷൻ (പ്രഭാഷണം) |
| | 5. ലോക്കൽ ഹിസ്റ്ററി റൈറ്റിങ് (പ്രാദേശിക ചരിത്ര രചന) |

| | |
|---|---|
| | 6. സാമൂഹ്യ ശാസ്ത്ര ക്വിസ്സ്<br>7. ടീച്ചിംഗ് എയ്ഡ്<br>8. ടാലന്റ് സർച്ച് എക്സാമിനേഷൻ<br>9. ന്യൂസ് റീഡിംഗ് |
| **യു.പി. വിഭാഗം 5 ഇനം**<br>1. വർക്കിംഗ് മോഡൽ<br>2. സ്റ്റിൽ മോഡൽ<br>3. എലക്യൂഷൻ (പ്രഭാഷണം)<br>4. സാമൂഹ്യ ശാസ്ത്ര ക്വിസ്സ്<br>5. ടീച്ചിംഗ് എയ്ഡ് | **ഹയർസെക്കണ്ടറി വിഭാഗം 9 ഇനം**<br>1. അറ്റ്ലസ് മേക്കിങ്<br>2. വർക്കിംഗ് മോഡൽ<br>3. സ്റ്റിൽ മോഡൽ<br>4. എലക്യൂഷൻ (പ്രഭാഷണം)<br>5. ലോക്കൽ ഹിസ്റ്ററി റൈറ്റിങ് (പ്രാദേശിക ചരിത്ര രചന)<br>6. സാമൂഹ്യ ശാസ്ത്ര ക്വിസ്സ്<br>7. ടീച്ചിംഗ് എയ്ഡ്<br>8. ടാലന്റ് സർച്ച് എക്സാമിനേഷൻ<br>9. ന്യൂസ് റീഡിംഗ് |

1. ശേഖരണ മത്സരയിനത്തിൽ ടീമായിട്ടാണ് മത്സരിക്കേണ്ടത്. പത്ര മാസിക കട്ടിംഗുകൾ ഒഴിവാക്കേണ്ടതാണ്. ഏതെങ്കിലും ഒരിനം മാത്രമാണ് പ്രദർശിപ്പിക്കേണ്ടത്. അത് സാമൂഹ്യ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ടതാകണം
2. വർക്കിംഗ് മോഡൽ, സ്റ്റിൽ മോഡൽ മത്സരയിനത്തിൽ മോഡലുകൾ പരമാവധി 2 മീ. X 2 മീ. സ്ഥലത്ത് ഒതുങ്ങുന്നതാവണം. പരമാവധി 5 ചാർട്ടുകൾ അവതരിപ്പിക്കാവുന്നതാണ്.
3. പ്രഭാഷണ മത്സരയിനത്തിൽ മലയാളത്തിലായിരിക്കണം പ്രസംഗിക്കേണ്ടത്. 5 മിനിട്ട് സമയത്തിനുള്ളിൽ പ്രസംഗം പൂർത്തീകരിക്കേണ്ടതുമാണ്.
4. അറ്റ്ലസ് നിർമ്മാണ മത്സരയിനത്തിൽ ട്രൈസിംഗ് പേപ്പർ ഉപയോഗിച്ച് വേണം വരയ്ക്കേണ്ടത്. ജലച്ചായം, കളർ പെൻസിലുകൾ എന്നിവ ഉപയോഗിച്ചാണ് അടയാളപ്പെടുത്തലുകൾ നടത്തേണ്ടത്. ക്രയോൺസ്, സ്കെച്ച് പേനകൾ, മാർക്കർ എന്നിവ ഉപയോഗിക്കാൻ പാടുള്ളതല്ല. അതിരുകൾ രേഖപ്പെടുത്തുവാൻ കറുത്ത മഷി ഉപയോഗിക്കാവുന്നതാണ്. അറ്റ്ലസിന് ഉചിതമായ ഒരു കവർ പേജ് കൂടി തയ്യാറാക്കേണ്ടതാണ്.
5. പ്രാദേശിക ചരിത്ര രചന മത്സരയിനത്തിൽ രചനകൾ തയ്യാറാക്കേണ്ടത് മലയാള ഭാഷയിലാണ്. ഇത് തൽസമയ മത്സരവുമായിരിക്കും. മത്സരാർത്ഥികൾ മത്സര സമയത്ത് യാതൊരുവിധ കുറിപ്പുകളും, ഫോട്ടോകളും കൊണ്ടുവരാൻ പാടുള്ളതല്ല. ഓരോ മത്സരാർത്ഥിക്കും ഇന്റർവ്യൂവിന് 5 മിനിട്ട് സമയമാണ് അനുവദിക്കുന്നത്. ആ സമയത്ത് ഡിജിറ്റൽ അവതരണം അനുവദിക്കുന്നതല്ല.

6. ടീച്ചിംഗ് എയ്ഡ് മത്സരയിനത്തിൽ അതാത് വിഭാഗങ്ങളിൽ സാമൂഹ്യ ശാസ്ത്രം കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്കാണ് മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്. പാഠഭാഗ വിനിമയത്തിന് സഹായകമായതും, ക്ലാസ്സ് മുറിയിൽ കാര്യക്ഷമമായി ഉപയോഗിക്കാൻ സാധിക്കുന്നതുമായ പഠനോപകരണങ്ങളാണ് അദ്ധ്യാപകർ തയ്യാറാക്കേണ്ടത്. പ്രോജക്ട് വിഭാഗത്തിൽപ്പെട്ടതോ, ഡിജിറ്റൽ പ്രസന്റേഷനോ അനുവദനീയമല്ല.
7. എൽ.പി. വിഭാഗത്തിന്റെ ഈ വർഷത്തെ ചാർട്ട് ഇനത്തിൽ 'മണ്ണും മനുഷ്യനുമാണ്' വിഷയം.

## ഇൻഫർമേഷൻ ടെക്നോളജി

ഐ.ടി. മേളയിൽ സ്കൂൾ, ഉപജില്ല, റവന്യൂജില്ല, സംസ്ഥാനതലങ്ങളിൽ ഐ.ടി. ക്വിസ് മത്സരങ്ങൾ കൈറ്റ് തയ്യാറാക്കുന്ന പൊതു ചോദ്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും. സ്കൂൾ, ഉപജില്ല, റവന്യൂജില്ലതലങ്ങളിൽ ഐ.ടി. ക്വിസ് മത്സരങ്ങൾ ചുവടെ പറയുന്ന ഷെഡ്യൂൾ പ്രകാരം നടത്തേണ്ടതാണ്. എല്ലാ തലങ്ങളിലും പ്രസ്തുത ഷെഡ്യൂൾ പ്രകാരമാണ് ഐ.ടി. ക്വിസ് മത്സരം നടത്തുന്നതെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

| | | |
|---|---|---|
| സ്കൂൾതലം | 2023 ഒക്ടോബർ 6 | യു.പി.വിഭാഗം രാവിലെ 10 മുതൽ<br>എച്ച്.എസ്. വിഭാഗം രാവിലെ 11 മുതൽ<br>എച്ച്.എസ്.എസ്./വി.എച്ച്.എസ്.എസ്. വിഭാഗം ഉച്ചയ്ക്ക് 2 മുതൽ |
| ഉപജില്ലാതലം | 2023 ഒക്ടോബർ 13 | യു.പി. വിഭാഗം രാവിലെ 10 മുതൽ<br>എച്ച്.എസ്.വിഭാഗം ഉച്ചയ്ക്ക് 12 മുതൽ<br>എച്ച്.എസ്.എസ്./വി.എച്ച്.എസ്.എസ്. വിഭാഗം ഉച്ചയ്ക്ക് 2.30 മുതൽ |
| ജില്ലാതലം | 2023 ഒക്ടോബർ 18 | എച്ച്.എസ്. വിഭാഗം രാവിലെ 10.30 മുതൽ<br>എച്ച്.എസ്.എസ്./വി.എച്ച്.എസ്.എസ്. വിഭാഗം ഉച്ചയ്ക്ക് 2.30 മുതൽ |

ഈ വർഷത്തെ ശാസ്ത്രോത്സവത്തിന്റെ തീമായ 'സാങ്കേതിക വിദ്യയും മാനവിക പുരോഗതിയും' എന്നതിനെ അടിസ്ഥാനമാക്കിയുള്ള ഏതെങ്കിലുമൊരു വിഷയം ഐ.റ്റി. മേളയിലെ 'രചനയും അവതരണവും' എന്ന ഇനത്തിന് എല്ലാ തലങ്ങളിലും നൽകേണ്ടതാണ്.

## ശാസ്ത്രം, ഗണിത ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം ക്ലബ് മത്സരങ്ങൾ

1. **ശാസ്ത്ര നാടക മത്സരം (ഹൈസ്കൂൾ വിഭാഗം)**

സംസ്ഥാനതല സ്കൂൾ ശാസ്ത്ര നാടക മത്സരം നവംബർ 13 ന് തൃശ്ശൂർ ജില്ലയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ കാര്യാലയത്തിലെ 04/08/2023 തീയതിയിലെ വൈ1/12421/2023/ഡി.ജി.ഇ നമ്പർ സർക്കുലർ പ്രകാരം റവന്യൂ ജില്ലാതല മത്സരങ്ങൾ 12/10/2023 നകം പൂർത്തീകരിക്കുന്നതിന് നിർദേശം നൽകിയിരുന്നു. പ്രസ്തുത തീയതി പുതുക്കി റവന്യൂ ജില്ലാതല മത്സരങ്ങൾ 2023 നവംബർ 5 നകം പൂർത്തീകരിക്കേണ്ടതാണ്.

2. **സയൻസ് ടാലന്റ് സെർച്ച് എക്സാമിനേഷൻ HS, HSS/VHSE**

സംസ്ഥാനതല സയൻസ് ടാലന്റ് സെർച്ച് എക്സാമിനേഷൻ 2023 നവംബർ 20 ന് കാസർഗോഡ് ജില്ലയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സ്കൂൾതലം മുതൽ റവന്യൂ ജില്ലാതലം വരെയുള്ള മത്സര വിഷയം ഒക്ടോബർ 9-ാം തീയതി അറിയിക്കുന്നതായിരിക്കും. സ്കൂൾതല മത്സരങ്ങൾ ഒക്ടോബർ 20 നകവും, സബ്ജില്ലാതല മത്സരങ്ങൾ ഒക്ടോബർ 30 നകവും, റവന്യൂ ജില്ലാതല മത്സരങ്ങൾ നവംബർ 7 നകവും പൂർത്തീകരിക്കേണ്ടതുമാണ്. ടാലന്റ് സെർച്ച് മത്സരത്തിന്റെ മാനദണ്ഡം ചുവടെ ചേർത്തിരിക്കുന്നു.

- മത്സരം സ്കൂൾതലത്തിലും, സബ്ജില്ലാതലത്തിലും റവന്യൂ ജില്ലാ തലത്തിലും, സംസ്ഥാനതലത്തിലും നടത്തേണ്ടതാണ്.
- സ്കൂൾതലത്തിൽ ഒന്നാംസ്ഥാനം നേടുന്ന കുട്ടിയ്ക്ക് സബ്ജില്ലാതല മത്സരത്തിൽ പങ്കെടുക്കാം.
- സ്കൂൾതലം പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.
- സബ്ജില്ലയിൽ നിന്നും ഒന്ന് രണ്ട് സ്ഥാനം ലഭിച്ചവർക്ക് റവന്യൂജില്ലാ മത്സരത്തിന് പങ്കെടുക്കാം.
- സബ് ജില്ലാതല മത്സരത്തിനാവശ്യമായ ചോദ്യപേപ്പർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ തയ്യാറാക്കി ലഭ്യമാക്കണം.
- റവന്യൂ ജില്ലാമത്സരത്തിന് ആവശ്യമായ ചോദ്യങ്ങൾ സംസ്ഥാന തലത്തിൽ നിന്നും ലഭ്യമാക്കും.
- സ്കൂൾതലം, സബ് ജില്ലാതലം, റവന്യൂ ജില്ലാതലം എന്നിവ ശാസ്ത്രവിഷയ ബന്ധിതമായ 100 Multiple Choice ചോദ്യങ്ങൾ ഉൾപ്പെടുത്തിയ പരീക്ഷാ രീതിയിൽ നടത്തണം, സമയം $1^1/_2$ മണിക്കൂർ.

- റവന്യൂജില്ലാ മത്സരത്തിലെ ഒന്ന്, രണ്ട് സ്ഥാനക്കാർക്ക് സംസ്ഥാന മത്സരത്തിൽ പങ്കെടുക്കാം.
- സംസ്ഥാനതല ടാലന്റ് സെർച്ച് എക്സാമിനേഷന് യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് സംസ്ഥാന മത്സരത്തിൽ ശാസ്ത്ര സംബന്ധമായ പേപ്പർ പ്രസന്റേഷൻ നടത്തുന്നതിന് വേണ്ടി അതത് വർഷം ശാസ്ത്ര കൗൺസിൽ നിർദ്ദേശിക്കുന്ന 3 വിഷയങ്ങൾ നൽകും.
- മത്സരാർത്ഥി സംസ്ഥാന മത്സര സമയം നൽകുന്ന 3 വിഷയങ്ങളിൽ നിന്നും തെരഞ്ഞെടുത്ത ഒരു വിഷയവുമായി ബന്ധപ്പെട്ട് പേപ്പർ തയ്യാറാക്കുകയും അത് സംസ്ഥാനതലത്തിൽ അവതരിപ്പിക്കുകയും വേണം. അവതരിപ്പിക്കുന്ന പേപ്പറിന്റെ 3 കോപ്പി ഹാജരാക്കണം.
- അവതരണത്തിന് 6 മിനിറ്റാണ്. അതിന് ശേഷം 2 മിനിറ്റ് വൈവയും ഉണ്ടായിരിക്കും.
- അവതരണത്തിന് 5 ചാർട്ട്/സ്ലൈഡ്/രണ്ടുംകൂടി 5 എണ്ണം ഉപയോഗിക്കാം.
- 3 D Models/Videos/അനിമേഷൻസ് എന്നിവ ഉപയോഗിക്കരുത്.
- Slide-ൽ അനിമേഷൻസ് പാടില്ല.
- ചാർട്ടിൽ എഴുതുകയോ വരയ്ക്കുകയോ ആവാം.
- സംസ്ഥാനതല മത്സരം ഒരു ദിവസം കൊണ്ട് പൂർത്തിയാക്കണം.
- മത്സരത്തിന് വിവിധ ഘട്ടങ്ങൾ ഉണ്ടായിരിക്കും.

    1. Multiple Choice പരീക്ഷ ($1^1/_2$ മണിക്കൂർ)
    2. പരീക്ഷയ്ക്ക് ശേഷം ഒരുമണിക്കൂർ ശാസ്ത്ര സംബന്ധിയായ ഒരു വിഷയത്തിന്റെ ക്ലാസ്
    3. ക്ലാസ്സിൽ പരാമർശിച്ച വിഷയത്തെ സംബന്ധിച്ച് കുട്ടി തയ്യാറാക്കുന്ന കുറിപ്പ്
    4. Paper presentation and viva.

- ഈ നാല് ഘട്ടങ്ങളിലും മത്സരാർത്ഥിയ്ക്ക് ലഭിക്കുന്ന സ്കോറിന്റെ അടിസ്ഥാനത്തിൽ വിജയികളെ തീരുമാനിയ്ക്കും.

### 3. സി.വി.രാമൻ ഉപന്യാസം (HS, HSS/VHSE വിഭാഗം)

സംസ്ഥാനതല സി.വി. രാമൻ ഉപന്യാസ മത്സരം 2023 നവംബർ 21 ന് കാസർഗോഡ് ജില്ലയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സ്കൂൾതലം മുതൽ റവന്യൂ ജില്ലാതലം വരെയുള്ള മത്സര വിഷയം ഒക്ടോബർ 9-ാം തീയതി അറിയിക്കുന്നതായിരിക്കും. സ്കൂൾതല മത്സരങ്ങൾ ഒക്ടോബർ 18 നകവും, സബ്ജില്ലാതല മത്സരങ്ങൾ ഒക്ടോബർ 25 നകവും, റവന്യൂ ജില്ലാതല മത്സരങ്ങൾ ഒക്ടോബർ 30 നകവും പൂർത്തീകരിക്കേണ്ടതുമാണ്. മേൽ പരാമർശിച്ച തീയതി

ക്രമത്തിൽ നിന്നും യാതൊരു മാറ്റവും അനുവദിക്കുന്നതല്ല. ഉപന്യാസ മത്സരത്തിന്റെ മാനദണ്ഡം ചുവടെ ചേർത്തിരിക്കുന്നു.

- HS, HSS/VHSE വിഭാഗം വിദ്യാർത്ഥികൾക്കായി നടത്തുന്ന ഈ മത്സരം സ്കൂൾ തലത്തിലും, സബ്ജില്ലാതലത്തിലും, റവന്യൂ ജില്ലാതലത്തിലും, സംസ്ഥാന തലത്തിലും നടത്തുന്നതാണ്.
- സ്കൂൾതലം, സബ് ജില്ലാതലം, റവന്യൂജില്ലാതല മത്സരത്തിനുള്ള വിഷയങ്ങൾ സംസ്ഥാനതലത്തിൽ നിന്ന് നൽകുന്നതാണ്.
- ഓരോ തലത്തിലും നൽകിയ 3 വിഷയങ്ങളിൽ നിന്ന് മത്സര സമയത്ത് നറുക്കിട്ട് വിഷയം തെരഞ്ഞെടുക്കണം.
- ഉപന്യാസ മത്സരത്തിനുള്ള സമയം 1 മണിക്കൂർ ആയിരിക്കും.
- സ്കൂൾ തലത്തിൽ നിന്നും ഒന്നാം സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥിയ്ക്ക് സബ്ജില്ലാതല മത്സരത്തിൽ പങ്കെടുക്കാം.
- തുടർന്ന് ഉപജില്ലാ, റവന്യൂജില്ലാതല മത്സരങ്ങൾ നടത്തേണ്ടതാണ്.
- സ്കൂൾതലം ഒഴികെയുള്ള ഘട്ടങ്ങളിൽ നിന്നും ഒന്ന്, രണ്ട് സ്ഥാനക്കാരാണ് അടുത്ത തലത്തിൽ മത്സരങ്ങളിൽ പങ്കെടുക്കേണ്ടത്.
- റവന്യൂ ജില്ലാമത്സരത്തിൽ നിന്നും എ ഗ്രേഡോടെ ഒന്നും രണ്ടും സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന മത്സരത്തിൽ പങ്കെടുക്കാം.
- സംസ്ഥാന മത്സരം ഒരു ദിവസം കൊണ്ടാണ് പൂർത്തിയാക്കുക.
- മത്സര ദിവസം 9.30-ന് മത്സരാർത്ഥികൾ മത്സരവേദിയിൽ രജിസ്ട്രേഷൻ പൂർത്തിയാക്കണം.
- സംസ്ഥാനതല മത്സരത്തിനുള്ള വിഷയം മത്സര സമയത്ത് മാത്രമേ നൽകുകയുള്ളൂ.
- നൽകിയ വിഷയവുമായി ബന്ധപ്പെട്ട് മത്സരാർത്ഥികൾക്ക് വിവരശേഖരണം നടത്താൻ 3 മണിക്കൂർ സമയം അനുവദിക്കും (Internet, വിഷയവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കും).
- ചാറ്റ് ജി.പി.റ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന വെബ്സൈറ്റുകൾ ഉപയോഗിക്കാൻ പാടുള്ളതല്ല.
- മൂന്ന് മണിക്കൂർ റഫറൻസിന് ശേഷം ഒരു മണിക്കൂർ സമയംകൊണ്ട് ഉപന്യാസം എഴുതേണ്ടതാണ്.
- ഉപന്യാസ രചനയ്ക്ക് ശേഷം ആ വിഷയവുമായി ബന്ധപ്പെട്ട് 2 മിനിറ്റ് ഇന്ററാക്ഷൻ ഉണ്ടായിരിക്കും.
- ഉപന്യാസം, ഇന്ററാക്ഷൻ എന്നിവയിൽ ലഭിച്ച മാർക്ക് പരിഗണിച്ചാണ് മത്സരഫലം പ്രഖ്യാപിക്കുക

4. **ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ മത്സരം**

സംസ്ഥാനതല ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ മത്സരം 2024 ജനുവരിയിൽ കോഴിക്കോട് ജില്ലയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന് മുന്നോടിയായി സ്കൂൾതല, സബ് ജില്ലാതല, റവന്യൂജില്ലാതല മത്സരങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ മത്സരത്തിന്റെ മാനദണ്ഡം ചുവടെ ചേർത്തിരിക്കുന്നു.

HS, HSS വിഭാഗത്തിൽ നടത്തുന്ന ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ മത്സരം സ്കൂൾ, ഉപജില്ലാ, റവന്യൂ ജില്ലാ, സംസ്ഥാന തലങ്ങളിൽ നടത്തുന്നതാണ്. മത്സരത്തിനുള്ള വിഷയം സംസ്ഥാന തലത്തിൽ തീരുമാനിക്കുന്നതാണ്. സ്കൂൾ തലത്തിൽ ഒരു വിഷയവും ഉപജില്ലാ, റവന്യൂ ജില്ലാ തലത്തിൽ മൂന്ന് വിഷയങ്ങൾ വീതവും നൽകും. സ്കൂൾ തല മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ഒരു കുട്ടിക്ക് ഉപജില്ലാതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

**<u>ഉപജില്ലാ ജില്ലാ തല മത്സരങ്ങൾ</u>**

ഉപജില്ലാ, റവന്യൂജില്ലാ തലങ്ങളിൽ മുൻകൂട്ടി നൽകിയ മൂന്നു വിഷയങ്ങളിൽ ഒരെണ്ണം വിധികർത്താക്കൾ നറുക്കിട്ടെടുത്ത് മത്സരദിവസം രാവിലെ 9.30 ന് നൽകുന്നതാണ്. അവതരണത്തിനുള്ള പേപ്പർ, ചാർട്ട് എന്നിവ തയ്യാറാക്കാൻ രണ്ട് മണിക്കൂർ സമയം അനുവദിക്കുന്നതാണ്. മൾട്ടി മീഡിയ പ്രസന്റേഷൻ ഉപജില്ലാ, ജില്ലാ തലങ്ങളിൽ അനുവദിക്കുന്നതല്ല. ഉപജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർക്ക് റവന്യൂ ജില്ലാ തലത്തിൽ പങ്കെടുക്കാവുന്നതാണ്.

**<u>സംസ്ഥാനതലം</u>**

റവന്യൂജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. സംസ്ഥാനതല മത്സരത്തിനുള്ള വിഷയം മുൻകൂട്ടി നൽകുന്നതല്ല. മത്സരദിവസം രാവിലെ 9.30 ന് വിഷയം നൽകുന്നതാണ്. തുടർന്ന് പേപ്പർ, ചാർട്ട്, മൾട്ടി മീഡിയ പ്രസന്റേഷൻ തുടങ്ങിയവ തയ്യാറാക്കുന്നതിന് മൂന്ന് മണിക്കൂർ സമയവും നൽകുന്നതാണ്. മത്സരത്തിന് മുമ്പുള്ള തയ്യാറെടുപ്പിനുവേണ്ടി ലാപ്ടോപ്പ് ഉപയോഗിക്കാവുന്നതാണ്. റഫറൻസിനായി ഇന്റർനെറ്റ് സൗകര്യങ്ങൾ മത്സരവേദിയിൽ ഏർപ്പെടുത്തുന്നതാണ്.

## പൊതുനിബന്ധനകൾ

a) പേപ്പർ തയ്യാറാക്കാൻ മുദ്രപതിപ്പിച്ച എ4 പേപ്പറുകൾ നൽകുന്നതാണ്. മത്സരാർത്ഥികൾ കൊണ്ടുവരുന്ന ചാർട്ടുകൾ സീൽ ചെയ്യിച്ചതിനുശേഷം മാത്രമേ ഉപയോഗിക്കാൻ അനുവദിക്കുകയുള്ളു.

b) അവതരണത്തിനു തയ്യാറാക്കുന്ന പേപ്പർ കയ്യെഴുത്തു പ്രതി ആയിരിക്കണം. പേപ്പർ പരമാവധി 5 പേജിൽ കവിയരുത്.

c) മത്സരം ആരംഭിക്കുന്നതിനു മുൻപ് പേപ്പർ, ചാർട്ടുകൾ മൾട്ടീമീഡിയ പ്രസന്റേഷൻ (സംസ്ഥാനതലത്തിൽ മാത്രം) എന്നിവ വിധികർത്താക്കളെ ഏൽപ്പിക്കണം. മത്സരസമയത്ത് തിരികെ നൽകുന്നതാണ്.

d) മത്സരത്തിന് പേപ്പർ നോക്കാതെ അവതരിപ്പിക്കേണ്ടതാണ്.

e) അവതരണത്തിനുള്ള സമയം 5 മിനിറ്റും അഭിമുഖത്തിനുള്ള സമയം 3 മിനിറ്റും ആയിരിക്കും.

f) വിധികർത്താക്കളെ ഏൽപ്പിച്ച ചാർട്ടുകൾ ഉപജില്ലാ ജില്ലാ സംസ്ഥാന തലത്തിലും മൾട്ടീമീഡിയ പ്രസന്റേഷൻ സംസ്ഥാനതലത്തിലും അവതരണത്തിന് ഉപയോഗിക്കാവുന്നതാണ്.

g) അവതരണത്തിന് വൈറ്റ്/ബ്ലാക്ക് ബോർഡ് ഉപയോഗിക്കാം.

h) മൊബൈൽ ഫോൺ റഫറൻസിനോ മറ്റു കാര്യങ്ങൾക്കോ ഉപയോഗിക്കാൻ ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

## മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

| | | | |
|---|---|---|---|
| a | Presentation | --- | 30% |
| b | Content and mathematical value | --- | 30% |
| c | Interview | --- | 20% |
| d | Paper and supporting materials | ---- | 20% |

## വിഷയങ്ങൾ

**സ്കൂൾതലം**

എച്ച്.എസ്. - വർഗ്ഗ സംഖ്യകൾ (Square Numbers)

എച്ച്.എസ്.എസ്. - The Development of Trignometry

**സബ്ജില്ലാതലം**

എച്ച്.എസ്. - ത്രികോണങ്ങൾ (Triangles)

ഏകാംശ ഭിന്നങ്ങൾ (Unit Fractions)

സ്റ്റാറ്റിസ്റ്റിക്സ് നിത്യജീവിതത്തിൽ (Statistics in Daily Life)

എച്ച്.എസ്.എസ് - Geometry of Functions

Ellipse & its Importance

Limit of a Function

**ജില്ലാതലം**

എച്ച്.എസ്. - അഭാജ്യ സംഖ്യകൾ (Prime Numbers)

ചക്രിയ ബഹുഭുജങ്ങൾ (Cyclic Polygons)

കൃതികളുടെ വിശേഷങ്ങൾ (Properties of Exponents)

എച്ച്.എസ്.എസ് - Art of Counting

Metrix in Daily Life

Exponential & Logarithamic Functions

5. **<u>ഭാസ്ക്കരാചാര്യ സെമിനാർ മത്സരം</u>**

സംസ്ഥാനതല ഭാസ്ക്കരാചാര്യ സെമിനാർ മത്സരം 2024 ജനുവരിയിൽ ഇടുക്കി ജില്ലയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന് മുന്നോടിയായി സ്കൂൾതല, സബ് ജില്ലാതല, റവന്യൂജില്ലാതല മത്സരങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. ഭാസ്ക്കരാചാര്യ സെമിനാർ മത്സരത്തിന്റെ മാനദണ്ഡം ചുവടെ ചേർത്തിരിക്കുന്നു.

യു.പി.വിഭാഗത്തിൽ സ്കൂൾ, ഉപജില്ലാതലങ്ങളിലും HS, HSS/VHSS വിഭാഗത്തിൽ സ്കൂൾ, ഉപജില്ലാ, ജില്ലാ, സംസ്ഥാനതലത്തിലുമാണ് ഈ മത്സരം നടത്തുന്നത്. മത്സരത്തിനുള്ള വിഷയം സംസ്ഥാനതലത്തിൽ തീരുമാനിക്കേണ്ടതാണ്. സ്കൂൾ തലത്തിൽ ഒരു വിഷയവും ഉപജില്ലാ, റവന്യൂ തലങ്ങളിൽ മൂന്ന് വിഷയങ്ങൾ വീതവും നൽകും. സ്കൂൾതല മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കുട്ടിക്ക് ഉപജില്ലാ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

## ഉപജില്ലാ/ജില്ലാതല മത്സരങ്ങൾ

ഉപജില്ലാ, റവന്യൂജില്ലാ തലങ്ങളിൽ മുൻകൂട്ടി നൽകിയ മൂന്ന് വിഷയങ്ങളിൽ ഒരെണ്ണം വിധികർത്താക്കൾ നറുക്കിട്ടെടുത്ത് മത്സരദിവസം രാവിലെ 9.30-ന് നൽകുന്നതാണ്. അവതരണത്തിനുള്ള പേപ്പർ തയ്യാറാക്കാൻ രണ്ട് മണിക്കൂർ സമയം അനുവദിക്കുന്നതാണ്. ഉപജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർക്ക് റവന്യൂജില്ലാതലത്തിൽ പങ്കെടുക്കാവുന്നതാണ്.

## സംസ്ഥാനതലം

റവന്യൂജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. സംസ്ഥാനതല മത്സരത്തിനുള്ള വിഷയം മുൻകൂട്ടി നൽകുന്നതല്ല. മത്സരദിവസം രാവിലെ 9.30-ന് വിഷയം നൽകുന്നതാണ്. തുടർന്ന് പേപ്പർ, ചാർട്ട്, മൾട്ടീമീഡിയ പ്രസന്റേഷൻ എന്നിവ തയ്യാറാക്കുന്നതിന് മൂന്ന് മണിക്കൂർ സമയം നൽകുന്നതാണ്. റഫറൻസ്, ഇന്റർനെറ്റ് സൗകര്യങ്ങൾ മത്സരവേദിയിൽ ഏർപ്പെടുത്തുന്നതാണ്. ലാപ്പ്ടോപ്പ് ഉപയോഗിക്കാം.

## പൊതുനിബന്ധനകൾ:-

a) പേപ്പർ തയ്യാറാക്കാൻ മുദ്രപതിപ്പിച്ച $A_4$ പേപ്പറുകൾ നൽകുന്നതാണ്. ചാർട്ടുകൾ സീൽചെയ്ത് വാങ്ങി ഉപയോഗിക്കാം. (ചാർട്ടുകൾ മുൻകൂട്ടി തയ്യാറാക്കിയവ ഉപയോഗിക്കരുത്)

b) അവതരണത്തിന് തയ്യാറാക്കുന്ന പേപ്പർ കയ്യെഴുത്ത് പ്രതി ആയിരിക്കണം. പേപ്പർ പരമാവധി 5 പേജിൽ കവിയരുത്.

c) മത്സരം ആരംഭിക്കുന്നതിന് മുൻപ് പേപ്പർ, ചാർട്ടുകൾ, മൾട്ടിമീഡിയ (സംസ്ഥാനതലത്തിൽ മാത്രം) എന്നിവ വിധികർത്താക്കളെ ഏൽപ്പിക്കണം.

d) മത്സരസമയത്ത് വിധികർത്താക്കൾക്ക് നൽകിയ പേപ്പർ, ചാർട്ട് മുതലായവ ഉപയോഗിക്കാവുന്നതാണ്.

e) മത്സരത്തിന് പേപ്പർ നോക്കി അവതരിപ്പിക്കാം.

f) അവതരണത്തിനുള്ള സമയം എല്ലാതലങ്ങളിലും 5 മിനിറ്റും അഭിമുഖത്തിനുള്ള സമയം 3 മിനിറ്റും ആയിരിക്കും.

g) അവതരണത്തിന് ലാപ്ടോപ്പ് ഉപയോഗിക്കാം.

h) മൊബൈൽ ഫോൺ ഒരു കാരണവശാലും ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല.

**മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ**

| | | |
|---|---|---|
| a) | Presentation | 40% |
| b) | Content and Mathematical value | 35% |
| c) | Interview | 15% |
| d) | Seminar report and supporting materials | 10% |

**വിഷയങ്ങൾ**

**സ്കൂൾതലം**

യു.പി. - "ശരാശരി" നിത്യ ജീവിതത്തിൽ
(Average in Daily Life)

എച്ച്.എസ്. - സംഖ്യാ ശ്രേണികൾ
(Number Sequence)

എച്ച്.എസ്.എസ് - Probability

**സബ്ജില്ലാതലം**

യു.പി. - സംഖ്യകളും അതിന്റെ ഘടകങ്ങളും
(Numbers & their Factors)
പൈതഗോറസ് സിദ്ധാന്തവും പൈതഗോറിയൻ ത്രയങ്ങളും
(Pythagoras Theorem & Pythagorian Triplets)
ഒമ്പതിന്റെ വിശേഷങ്ങൾ
(Pecualarities of Nine)

എച്ച്.എസ്. - അഭിന്നങ്ങൾ (Irrational Numbers)
സദൃശ്യത്രികോണങ്ങൾ (Similar Triangles)
അനുപാതം (Propotion)

എച്ച്.എസ്.എസ് - The imaginary Number "i"
Parabola- Importance & its Applications
History of Differential Calculus

**ജില്ലാതലം**

എച്ച്.എസ്. - വൃത്തവും ബഹുഭുജവും (Circle & Polygon)
ബഹുഭുജ സംഖ്യകൾ (Polygonal Numbers)
ആര്യഭടൻ (Aryabhata)

എച്ച്.എസ്.എസ്. - Mathematics as a Language
Geometric Progression- Its Properties & Applications in Daily Life
Application of Calculus in Physics

6. **ഗണിത ശാസ്ത്ര ടാലന്റ് സെർച്ച് എക്സാമിനേഷൻ HS, HSS/VHSE**

സംസ്ഥാനതല ഗണിത ശാസ്ത്ര ടാലന്റ് സെർച്ച് എക്സാമിനേഷൻ 2023 ഡിസംബറിൽ പത്തനംതിട്ട ജില്ലയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സ്കൂൾതലം മുതൽ റവന്യൂ ജില്ലാതലം വരെയുള്ള മത്സര വിഷയം ഒക്ടോബർ 9-ാം തീയതി അറിയിക്കുന്നതായിരിക്കും. സ്കൂൾതല മത്സരങ്ങൾ ഒക്ടോബറിനകവും, സബ്ജില്ലാതല, റവന്യൂ ജില്ലാതല മത്സരങ്ങളും നവംബറിനകം പൂർത്തീകരിക്കേണ്ടതുമാണ്. ടാലന്റ് സെർച്ച് മത്സരത്തിന്റെ മാനദണ്ഡം ചുവടെ ചേർത്തിരിക്കുന്നു.

- മത്സരം സ്കൂൾതലത്തിലും, സബ്ജില്ലാതലത്തിലും റവന്യൂ ജില്ലാ തലത്തിലും, സംസ്ഥാനതലത്തിലും നടത്തേണ്ടതാണ്.
- സ്കൂൾതലത്തിൽ ഒന്നാംസ്ഥാനം നേടുന്ന കുട്ടിയ്ക്ക് സബ്ജില്ലാതല മത്സരത്തിൽ പങ്കെടുക്കാം.
- സ്കൂൾതലം പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.
- സബ്ജില്ലയിൽ നിന്നും ഒന്ന് രണ്ട് സ്ഥാനം ലഭിച്ചവർക്ക് റവന്യൂജില്ലാ മത്സരത്തിന് പങ്കെടുക്കാം.
- സബ് ജില്ലാതല മത്സരത്തിനാവശ്യമായ ചോദ്യപേപ്പർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ തയ്യാറാക്കി ലഭ്യമാക്കണം.
- റവന്യൂ ജില്ലാമത്സരത്തിന് ആവശ്യമായ ചോദ്യങ്ങൾ സംസ്ഥാന തലത്തിൽ നിന്നും ലഭ്യമാക്കും.
- സ്കൂൾതലം, സബ് ജില്ലാതലം, റവന്യൂ ജില്ലാതലം എന്നിവ ഗണിത ശാസ്ത്രവിഷയ ബന്ധിതമായ 100 Multiple Choice ചോദ്യങ്ങൾ ഉൾപ്പെടുത്തിയ പരീക്ഷയായി നടത്തണം, സമയം $1\,{}^{1}/_{2}$ മണിക്കൂർ.
- റവന്യൂജില്ലാ മത്സരത്തിലെ ഒന്ന്, രണ്ട് സ്ഥാനക്കാർക്ക് സംസ്ഥാന മത്സരത്തിൽ പങ്കെടുക്കാം.
- സ്കൂൾതല പരീക്ഷയിൽ 1 മാർക്കിന്റെ 6 ചോദ്യങ്ങളും, 2 മാർക്കിന്റെ 5 ചോദ്യങ്ങളും, 3 മാർക്കിന്റെ 3 ചോദ്യങ്ങളും ഉൾപ്പെടുത്തണം. മൊത്തം 14 ചോദ്യങ്ങൾ. ആകെ 25 മാർക്ക്. സമയം 1 മണിക്കൂർ. സ്കൂൾതല പരീക്ഷകൾ പ്രിൻസിപ്പിൾ/ഹെഡ്മാസ്റ്റർ സ്കൂൾ ഗണിത ശാസ്ത്ര ക്ലബ്ബിന്റെ സഹായത്തോടെ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ചോദ്യപേപ്പർ തയ്യാറാക്കി നടത്തേണ്ടതും, മൂല്യനിർണയം നടത്തി ഫലം പ്രഖ്യാപിക്കേണ്ടതുമാണ്.

➢ **സബ്ജില്ലാതലം**

അപ്പർ പ്രൈമറി ഹൈസ്ക്കൂൾ വിഭാഗങ്ങൾക്ക് പരീക്ഷയിൽ 1 മാർക്കിന്റെ 5 ചോദ്യവും, 2 മാർക്കിന്റെ 9 ചോദ്യാവും, 3 മാർക്കിന്റെ 9 ചോദ്യങ്ങളും ഉൾപ്പെടുത്തണം. മൊത്തം 23 ചോദ്യങ്ങൾ. ആകെ 50 മാർക്ക്. സമയം 2 മണിക്കൂർ. സബ്ജില്ലയിൽ ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിന് പരീക്ഷയ്ക്ക് 2 മാർക്കിന്റെ 10 ചോദ്യവും 3 മാർക്കിന്റെ 10 ചോദ്യവും, ആകെ 20 ചോദ്യങ്ങളും. മൊത്തം മാർക്ക് 50. സമയം 2 മണിക്കൂർ. അസോസിയോഷന്റെ സഹായത്തോടെ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ചോദ്യങ്ങൾ തയ്യാറാക്കേണ്ടതും ജില്ലയിലെ എല്ലാ സബ്ജില്ലകളിലും ഒരേ ദിവസം പരീക്ഷ നടത്തേണ്ടതുമാണ്. പരീക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശിക്കുന്ന ദിവസം സബ്ജില്ലാ ഗണിതശാസ്ത്ര ക്ലബ്ബ് അസോസിയേഷന്റെ സഹായത്തോടെ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നടത്തേണ്ടതും മൂല്യനിർണയം നടത്തി ഫലം പ്രഖ്യാപിക്കേണ്ടതുമാണ്.

**റവന്യൂ ജില്ലതലം**

**ഹൈസ്ക്കൂൾ വിഭാഗം**

റവന്യൂ ജില്ലാതല പരീക്ഷയ്ക്ക് 1 മാർക്കിന്റെ 5 ചോദ്യവും, 2 മാർക്കിന്റെ 10 ചോദ്യവും 5 മാർക്കിന്റെ 5 ചോദ്യവും ഉൾപ്പെടുത്തണം. ആകെ മാർക്ക് 50, സമയം 2 മണിക്കൂർ.

**ഹയർസെക്കന്ററി വിഭാഗം**

റവന്യൂജില്ലാതല പരീക്ഷയ്ക്ക് 5 മാർക്കിന്റെ 6 ചോദ്യവും 10 മാർക്കിന്റെ 2 ചോദ്യവും ഉൾപ്പെടുത്തണം. ആകെ 8 ചോദ്യം, ആകെ മാർക്ക് 50, സമയം 2 മണിക്കൂർ. 5 മാർക്കിന്റെ 8 ചോദ്യങ്ങളിൽ നിന്ന് 6 എണ്ണവും, 10 മാർക്കിന്റെ 3 ചോദ്യങ്ങളിൽ നിന്നും 2 എണ്ണവും എഴുതുന്ന രീതിയിൽ ചോദ്യപേപ്പർ തയ്യാറാക്കണം. ഹയർസെക്കന്ററി ക്ലാസ്സുകളിലെ സിലബസ്സിനെ അടിസ്ഥാനമാക്കി ആയിരിക്കണം ചോദ്യങ്ങൾ തയ്യാറാക്കേണ്ടത്.

ഉച്ചയ്ക്കുശേഷം 2 വിഭാഗം വിദ്യാർത്ഥികൾക്കും ഗണിതാഭിരുചി വളർത്തുന്നതിന് ഗണിതത്തിന്റെ വിവിധ മേഖലകളും തുടർ പഠന സാദ്ധ്യതകളും പരിചയപ്പെടുത്താനുതകുന്ന തരത്തിലുള്ള ക്ലാസ്സുകൾ നൽകേണ്ടതാണ്.

ജില്ലാതല പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ സംസ്ഥാന തലത്തിൽ തയ്യാറാക്കി നൽകുന്നതാണ്. പരീക്ഷകൾ അതത് ജില്ലകളിലെ വിദ്യാഭ്യാസ

ഉപഡയറക്ടർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിക്കുന്ന ദിവസം റവന്യൂ ജില്ല ഗണിതശാസ്ത്ര ക്ലബ്ബ് അസോസിയേഷന്റെ സഹായത്തോടെ നടത്തേണ്ടതും മൂല്യനിർണ്ണയം നടത്തി ഫലം പ്രഖ്യാപിക്കേണ്ടതുമാണ്.

## സംസ്ഥാന തലം (1 ദിവസം)

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാനതല മത്സരം സംഘടിപ്പിക്കുന്നതാണ് സംസ്ഥാനതല പരീക്ഷ രണ്ടു ഭാഗങ്ങളായാണ് സംഘടിപ്പിക്കുന്നത്.

### ഹൈസ്ക്കൂൾ വിഭാഗം

#### ഭാഗം - 1

സംസ്ഥാന തല പരിക്ഷയ്ക്ക് 1 മാർക്കിന്റെ 5 ചോദ്യവും, 2 മാർക്കിന്റെ 10 ചോദ്യവും, 5 മാർക്കിന്റെ 5 ചോദ്യവും ഉൾപ്പെടുത്തണം. ആകെ 20 ചോദ്യം, ആകെ മാർക്ക് 50, സമയം 2 മണിക്കൂർ.

#### ഭാഗം - 2

ഗണിതാഭിരുചി വളർത്താനുതകുന്ന തരത്തിൽ ഏകദേശം ഒരു മണിക്കൂർ ദൈർഘ്യമുള്ള ഒരു ക്ലാസ്സ് റിസ്സോഴ്സ് പേഴ്സൻ നൽകുന്നു. തുടർന്ന് റിസോഴ്സ് പേഴ്സൺ അവതരിപ്പിച്ച വിഷയത്തെ അടിസ്ഥാനമാക്കി കുട്ടികൾ വ്യക്തിഗതമായി ഒരു കുറിപ്പ് തയ്യാറാക്കുന്നു. പരമാവധി 2 പേജ്. ഇതിനായി 45 മിനിറ്റ് സമയം അനുവദിക്കുന്നതാണ്. തുടർന്ന് വിദ്യാർത്ഥികൾ തയ്യാറാക്കിയ കുറിപ്പ് അടിസ്ഥാനമാക്കി അഭിമുഖം. അഭിമുഖത്തിന് ഒരു കുട്ടിക്ക് 3 മിനിറ്റ് മുതൽ 5 മിനിറ്റ് വരെ സമയം അനുവദിക്കുന്നതാണ്.

ഹയർസെക്കന്ററി വിഭാഗം

#### ഭാഗം - 1

സംസ്ഥാനതല പരീക്ഷയ്ക്ക് 10 മാർക്കിന്റെ 8 ചോദ്യങ്ങളിൽ നിന്ന് 5 എണ്ണം എഴുതണം. ആകെ 8 ചോദ്യം, ആകെ മാർക്ക് 50, സമയം 2 മണിക്കൂർ.

#### ഭാഗം - 2

ഗണിതാഭിരുചി വളർത്താനുതകുന്ന തരത്തിൽ ഏകദേശം ഒരു മണിക്കൂർ ദൈർഘ്യമുള്ള ഒരു ക്ലാസ്സ് റിസോഴ്സ് പേഴ്സൺ നൽകുന്നു. തുടർന്ന് റിസോഴ്സ് പേഴ്സൺ അവതരിപ്പിച്ച വിഷയത്തെ അടിസ്ഥാനമാക്കി കുട്ടികൾ വ്യക്തിഗതമായി ഒരു കുറിപ്പ് തയ്യാറാക്കുന്നു. പരമാവധി 2 പേജ് ഇതിനായി 45

മിനിറ്റ് സമയം അനുവദിക്കുന്നതാണ്. തുടർന്ന് വിദ്യാർത്ഥികൾ തയ്യാറാക്കിയ കുറിപ്പ് അടിസ്ഥാനമാക്കി അഭിമുഖം ഉണ്ടായിരിക്കും. അഭിമുഖത്തിന് ഒരു കുട്ടിക്ക് 3 മിനിറ്റ് മുതൽ 5 മിനിറ്റ് വരെ സമയം അനുവദിക്കുന്നതാണ്.

ഭാഗം - 2 ന് 10 മാർക്ക്

7. **പ്രാദേശിക ചരിത്ര രചന (HS, HSS/VHSS) മത്സരം**

- എച്ച്.എസ്, എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് വിദ്യാർത്ഥികൾക്കുള്ള മത്സരം സ്കൂൾ തലത്തിലും സബ്ജില്ലാതലത്തിലും റവന്യൂ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നടത്തുന്നതാണ്.
- സ്കൂൾ തലം, സബ് ജില്ലാതലം, റവന്യൂ ജില്ലാതല മത്സരത്തിനുള്ള വിഷയത്തിനുള്ള സംസ്ഥാന സാമൂഹ്യ, ശാസ്ത്ര ക്ലബ്ബ് അസോസിയേഷൻ നിശ്ചയിച്ചു നൽകുന്നതാണ്.
- ഓരോ തലത്തിലും നൽകുന്ന 4 വിഷയങ്ങളിൽ നിന്നും മത്സര സമയത്ത് നറുക്കിട്ട് ഒരു വിഷയം തെരഞ്ഞെടുക്കാം.
- 3 മണിക്കൂറാണ് രചനാ സമയം.
- പ്രാദേശിക ചരിത്ര രചന മലയാളത്തിലാണ് തയ്യാറാക്കേണ്ടത്.
- പ്രാദേശിക ചരിത്ര രചന ഇന്റർവ്യൂവിന് 5 മിനിറ്റ് സമയം അനുവദിക്കും.
- സ്കൂൾ തലത്തിൽ നിന്നും ഒന്നാം സ്ഥാനവും എ ഗ്രേഡും കരസ്ഥമാക്കുന്ന കുട്ടിയ്ക്ക് സബ്ജില്ലാതല മത്സരത്തിൽ പങ്കെടുക്കാം.
- സ്കൂൾ തലം ഒഴികെ ഒന്നും രണ്ടും സ്ഥാനം നേടുന്ന മത്സരാർത്ഥികൾക്ക് സബ്ജില്ല, ജില്ല, സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കാം.
- സബ്ജില്ല, റവന്യൂജില്ല മത്സരങ്ങളിൽ എ ഗ്രേഡ് നേടിയിരിക്കണം.
- സംസ്ഥാന തല മത്സരത്തിനുള്ള വിഷയം മത്സര സമയത്ത് മാത്രമേ നല്കുകയുള്ളൂ.
- മത്സരാർത്ഥികൾ പ്രാദേശിക ചരിത്ര രചനയുമായി ബന്ധപ്പെട്ട നിബന്ധനകൾ പാലിക്കേണ്ടതാണ്.

**വിഷയങ്ങൾ**

1. കാർഷിക ചരിത്രം
2. വിദ്യാഭ്യാസ ചരിത്രം
3. സാമ്പത്തിക ചരിത്രം
4. രാഷ്ട്രീയ ചരിത്രം

8. **സോഷ്യൽ സയൻസ് - ടാലന്റ് സെർച്ച് എക്സാമിനേഷൻ**

**(ഹൈസ്കൂൾ/ഹയർസെക്കന്ററി വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം)**

സംസ്ഥാനതല സോഷ്യൽ സയൻസ് - ടാലന്റ് സെർച്ച് എക്സാമിനേഷൻ മത്സരം പത്തനതിട്ട ജില്ലയിൽ വച്ച് ഡിസംബറിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന് മുന്നോടിയായി സ്കൂൾതല, സബ് ജില്ലാതല, റവന്യൂജില്ലാതല മത്സരങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. ടി മത്സരങ്ങളുടെ നടത്തിപ്പിനുള്ള സബ്ജില്ല/ജില്ലാതല ചോദ്യപേപ്പറും ഉത്തരസൂചികയും സംസ്ഥാനതലത്തിൽ നിന്നും ഏകീകൃതമായി നൽകുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ റിജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർസെക്കന്ററി)
3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.സി)
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. സ്റ്റേറ്റ് സെക്രട്ടറി ശാസ്ത്രം/ഗണിത ശാസ്ത്രം/സാമൂഹ്യ ശാസ്ത്രം
7. എല്ലാ സബ്ജില്ലാ/റവന്യൂജില്ലാ, ക്ലബ് സെക്രട്ടറിമാർക്കും
8. എല്ലാ പ്രഥമാദ്ധ്യാപകർക്കും
9. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൈറ്റ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി
10. സൂക്ഷിപ്പ് ഫയൽ